**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**25 NOVEMBER 2005**

## 2005 നവംബർ 25ന് ഹസ്രത്ത് മുഹ്യിദ്ദീൻ മുനീർഅഹ്മ്ദ് അസീം(അ) നടത്തിയ ജുംആ ഖുതുബ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം വിശുദ്ധഖുർആനിലെ 99-ാം അധ്യായം ആയ സൂറ അൽസിൽസാൽ ഓതി അതിന്റെ വിശദീകരണം നൽക്കുകയുണ്ടായി.

പരമകാരുണികനും, കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ

ഭൂമി ശക്തമായി പ്രകമ്പനം ചെയ്യപ്പെടുകയും, ഭൂമി അതിന്റെ ഭാരങ്ങൾ പുറന്തള്ളുകയും അതിനെന്തു സംഭവിച്ചുവെന്ന് മനുഷ്യൻ ചോദിക്കുകയും ചെയ്യുമ്പോൾ

അന്നാളിൽ അത് അതിന്റെ (ഗോപ്യമായ) വൃത്താന്തങ്ങൾ വിവരിക്കുന്നതാണ്.

നിന്റെ നാഥൻ അതിനെ സംബന്ധിച്ച് ബോധനം നല്കിയ കാരണത്താൽ അന്നാളിൽ ജനങ്ങൾ ചിതറിയ കൂട്ടങ്ങളായി പുറപ്പെട്ടു വരും, തങ്ങുടെ കർമ്മ(ഫലങ്ങൾ അവർക്ക് കാണിക്കപ്പെടുന്നതിനു വേണ്ടി)

അപ്പോൾ, വല്ലവനും ഒരണു അളവ് നന്മ ചെയ്യുന്നതായാൽ അതവൻ കാണും.

വല്ലവനും ഒരണു തിന്മ ചെയ്യുന്നതായാൽ അതും അവൻ കാണും (അസ്സിൽസ്സാൽ 99)

തുടർന്ന് അദ്ദേഹം പറഞ്ഞു

ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയം, നാം

ഇന്നീക്കാണുന്ന ലോകം ഇല്ലാതായി, പകരം ആസ്ഥാനത്ത് സത്യത്തിലും, നീതിയിലും അധിഷ്ഠിതമായ ഒരു പുതുലോകവ്യവസ്ഥ നിലവിൽ വരുന്നതിന്റെ ഫലമായുണ്ടാകുന്ന ശക്തമായ കോളിളക്കങ്ങളെ(പ്രകമ്പനങ്ങൾ)പ്പറ്റിയാണ്. ഇത് നമുക്കു മനസ്സിലാക്കാൻ ഈ അധ്യായത്തിൽ നല്കിയിരിക്കുന്ന ഉദാഹരണം ഭൂമിയ്ക്കുണ്ടാകുന്ന ശക്തമായ പ്രകമ്പനം എന്ന സംഗതിയാണ്. അത് ഭൂമിയും താത്ക്കാലികവും, ഭൗതീകവുമായ അടിത്തറയെ തച്ചുതകർക്കുന്നതാണെന്ന് അല്ലാഹു ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. ഭൂമിയുടെ ഈ പ്രകമ്പനത്തെ വിശദമാക്കുന്നതിന് ഉപയോഗിച്ചിരിക്കുന്ന രൂപകാലങ്കാരം, വാക്കുകളുടെ സൂക്ഷ്മവും കൃത്യവുമായ തെരെഞ്ഞെടുപ്പു കൊണ്ടും, വാക്കുകളുടെ ശക്തി കൊണ്ടും ശ്രദ്ധയാകർഷിക്കുന്നു. അങ്ങനെയുള്ള ഈ പ്രകമ്പനം. (ഭൂമികുലുക്കം) ഉണ്ടാകുമ്പോൾ അതുവരെ മറഞ്ഞിരിക്കുന്നതും മറച്ചുവെക്കപ്പെട്ടിരുന്നതുമായ സർവ്വമാന രഹസ്യങ്ങളും പുറത്തുവരുന്നതും, ജനങ്ങൾക്കു മുന്നിൽ അവ അനാവൃതമാകുന്നതുമാണ്. വിധിന്യായദിനത്തിന്റെ സമയമടുക്കുമ്പോൾ ശക്തിമത്തായ പ്രകമ്പനമുണ്ടാകുന്നതാണ്. ഭൂമി അതിന്റെ രഹസ്യങ്ങളെ പുറത്തുവിടുകയും, അതിൽ അത്രകാലം മറഞ്ഞിരുന്നവയെപ്പറ്റി വിശദമാക്കിത്തരുകയും ചെയ്യും. സർവ്വലോകജനതയും ഒരുമിച്ചു കൂട്ടപ്പെടുകയും അവരുടെ കർമ്മങ്ങളെ പരിശോധനാവിധേയമാക്കപ്പെടുകയും ചെയ്യും. സ്രഷ്ടാവായ അല്ലാഹു, തന്റെ മാറ്റമില്ലാത്ത ചട്ടങ്ങൾക്കനുസരിച്ച് ഈ കർമ്മങ്ങളെ പരിശോധിക്കുകയും, തെറ്റും ശരിയും വേർതിരിക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാക്കാര്യങ്ങളെക്കുറിച്ചും അറിവുള്ളവനാകുന്നു. ഞാൻ ഓതിക്കേൾപ്പിച്ച ആദ്യസൂക്തത്തിൽ അല്ലാഹു പറയുന്നു.

"ഭൂമിശക്തമായി പ്രകമ്പനം ചെയ്യപ്പെടുകയും"

ഭൂമികുലുക്കത്തിന് സാക്ഷിയാകുന്ന ഒരാൾക്ക്, അതിന്റെ വരവിനെപ്പറ്റി മുന്നറിവ് കിട്ടില്ല. അത് വളരെ പെട്ടന്നാണ് ഉണ്ടാവുക. അതിന്റെ ആരംഭത്തെക്കുറിച്ചോ, അതിന്റെ ഉത്ഭവസ്ഥാനത്തെക്കുറിച്ചോ ആർക്കും തന്നെ ഒന്നുമറിയില്ല. അങ്ങനെ അത് ഉണ്ടാകുമ്പോൾ ആ പ്രദേശത്തെ സർവ്വതിനെയും അത് നശിപ്പി

ക്കുന്ന വേളയിൽ മനുഷ്യൻ ഒരിയ്ക്കലും നശിപ്പിക്കാൻ സാധ്യമല്ലാത്തത് എന്ന് വിചാരിച്ചിരുന്നതെല്ലാം തന്നെ ഒറ്റ നിമിഷത്തിനുള്ളിൽ തച്ചുതകർക്കുന്നു. അത്, മനുഷ്യൻ ഉണ്ടാക്കിയതിനെയെല്ലാം തകർക്കുന്നു. പിന്നെ അവനെത്തന്നെയും വെല്ലുവിളിക്കുന്നു. ഇതിൽ നിന്നും ശക്തമായ പ്രകമ്പനം ഭൂമികുലുക്കം എന്നതിനെ സംബന്ധിച്ച ഒരു വ്യക്തമായ ധാരണ നമുക്കു ലഭിക്കുന്നു. അല്ലാഹു തന്റെ അപാരവും അനന്തവുമായ അറിവിൽ ഇത് സംബന്ധമായ വിവരങ്ങൾ സൂക്ഷിച്ചുവെച്ചിരിക്കുന്നു. അതോടൊപ്പം തന്നെ അവൻ തന്റെ അപാരമായ അറിവിൽ നിന്നും വരാൻ പോകുന്ന വിധിനാളിലെ പ്രകമ്പനത്തെ സംബന്ധിച്ച ഒരു ചെറിയ ഐഡിയ ഈ പ്രകമ്പനത്തിലൂടെ മനുഷ്യർക്ക് നല്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നത്, മനുഷ്യൻ തന്റെ ജീവിതകാലത്തുടനീളം കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത അത്ര ഭയാനകവും, ഭീതിയുളവാക്കുന്നതുമായിരിക്കും അത് എന്നത്രേ. ഇതിൽ നിന്നും, അന്നാളിൽ ലോകത്തിന്റെ കുലുക്കം (പ്രകമ്പനം) സംബന്ധിച്ച ഒരു ചെറിയ ആശയം നമുക്ക് ലഭിക്കുന്നു.

രണ്ടാമത്തെ വചനത്തിൽ അല്ലാഹു പറയുന്നു

ഭൂമി അതിന്റെ ഭാരങ്ങൾ പുറന്തള്ളുകയും, ഭൂമികുലുക്കത്തോടൊപ്പം അഗ്നിപർവ്വത വിസ്ഫോടനവും ഉണ്ടാകുന്ന വേളയിൽ, ഭൂമി അതിന്റെ അന്തർഭാഗങ്ങളിൽ നിന്നും പല വലുപ്പത്തിലും രൂപത്തിലുമുള്ള കല്ലുകൾ, ലാവയോടൊപ്പം, പുറന്തള്ളപ്പെടുന്നു. ഭൂമിയ്ക്ക് ഭാരങ്ങളായിരുന്ന അവയെല്ലാം തന്നെ വായുവിലേക്ക് എടുത്തെറിയപ്പെടുന്നു. ഈ ഭാരങ്ങൾ ഭൗമാന്തർഭാഗത്ത് ആഴത്തിൽ നിക്ഷേപിയ്ക്കപ്പെട്ടിരുന്ന ലോഹങ്ങളും ധാതുക്കളുമാണ്. ഭാരങ്ങൾ എന്ന പദം കൊണ്ട് വിവക്ഷിതമായിരിക്കുന്നത്. അവയൊക്കെ തന്നെ തങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഗോപ്യമായ് സൂക്ഷിച്ചിരിക്കുന്നു. ഈമാതിരിയുള്ള-അതേ നിലവാരത്തിലുള്ള-ഒരു പുറന്തള്ളൽ മനുഷ്യർക്കുമുണ്ടാകുന്നതാണ്. അത് അന്ത്യവിധിനാൾ ദിനത്തിൽ ആണ് ഉണ്ടാവുക. അന്ന് മരിച്ച് മണ്ണടിഞ്ഞ്, വിസ്മൃതിയാലാണ്ടുപോയ മനുഷ്യനെ (ഓ

രോരുത്തരും) എഴുന്നേല്പിക്കുകയും അവന്റെ ജീവിതകാലത്തുടനീളം അവൻ ചെയ്ത എല്ലാ പ്രവൃത്തികളെപ്പറ്റിയും അല്ലാഹുവിന്റെ മുന്നിൽ ഒരു മറയുമില്ലാതെ വെളുപ്പെടുത്തപ്പെടുന്നതുമാണ്. ഇതിന്റെ വിശദീകരണം മനസ്സിലാക്കുന്നതിനായി നമുക്ക് വിശുദ്ധഖുർആനിൽ 14-ാം അധ്യായമായ ഇബ്രാഹീം-ൽ 39-ാം സൂക്തം പരിശോധിക്കാം. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഞങ്ങളുടെ നാഥാ! ഞങ്ങൾ മറച്ചുവെക്കുന്നതും, ഞങ്ങൾ പരസ്യമാക്കുന്നതും നിശ്ചയമായും നീ അറിയുന്നു. ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ അല്ലാഹുവിന് ഒരു വസ്തുവും ഗോപ്യമാവുകയില്ല.

തങ്ങളുടെ ഹൃദയം വായുപോലെ സുതാര്യവും ശൂന്യവും, ദൃഷ്ടികളെല്ലാം തങ്ങളുടെ മുന്നിൽ തന്നെ കേന്ദ്രീകരിക്കുകയും ചെയ്യുന്ന ഒരു ദിനത്തിലേക്ക് കണ്ണുകൾ തുറിച്ച് മേലോട്ട് നോക്കുന്ന ഒരു ദിവസത്തേക്ക് എല്ലാവരേയും അയ്ക്കപ്പെടുന്നതാണ് എന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവഗണിക്കുകയും, തെറ്റായ പ്രവൃത്തികളിൽ മുഴുകയും ചെയ്യുന്നവർക്ക് ശിക്ഷ നല്കുന്ന നാളിനെപറ്റി താക്കീതു നല്കുന്നതിനും, സുവാർത്ത് അറിയിക്കുന്നതിനും വേണ്ടി അല്ലാഹു തന്റെ തെരെഞ്ഞെടുക്കപ്പെട്ട ദൂതന്മാരെ അവരുടെയടുക്കലേക്ക് അയക്കുന്നു. തങ്ങളിലേക്ക് ആ പറഞ്ഞ ശിക്ഷ വന്നുചേരുന്നതു കാണുമ്പോൾ അവർ പറയും.

ഞങ്ങളുടെ നാഥാ! അടുത്തൊരുവധി വരെ ഞങ്ങൾക്കൊരവസരം നല്കേണമേ, ഞങ്ങൾ നിന്റെ വിളിയ്ക്കുത്തരം നല്കുകയും, ദൂതന്മാരെ പിൻപറ്റുകയും ചെയ്തു കൊള്ളാം.

അപ്പോൾ അല്ലാഹു ചോദിക്കും, നിങ്ങൾക്കൊരു വീഴ്ചയുണ്ടാകുകയില്ലെന്ന് നിങ്ങൾ മുമ്പ് സത്യം ചെയ്തിരുന്നില്ലേ?

(ഇബ്റാഹിം, 14:45)

അല്ലാഹു അവരോട് പറയും നമ്മുടെ ഈ ഐഹിക ജീവിതമല്ലാതെ മറ്റൊരു (ജീവതം) ഇല്ല. നാം വീണ്ടും ഉയിർത്തെഴുന്നേല്പിക്കപ്പെടുകയില്ല എന്നവർ പറയുന്നു. അവരുടെ നാഥന്റെ മുമ്പാകെ അവർ നിറുത്തപ്പെടുമ്പോഴത്തെ അവസ്ഥ നീ കാണു

കയാണെങ്കിൽ! അല്ലാഹു ചോദിക്കും ഇതു സത്യമല്ലേ? അവർ പറയും അതെ, ഞങ്ങളുടെ നാഥനെക്കൊണ്ട് സത്യം (ഇത് സത്യം തന്നെയാണ്) അവൻ പറയും, നിങ്ങൾ അവിശ്വസിക്കുകയായി രുന്ന കാരണത്താൽ (ഇപ്പോൾ) ശിക്ഷ അനുഭവിച്ചുകൊള്ളുക.

അല്ലാഹുമായി കണ്ടുമുട്ടുമെന്ന കാര്യം നിഷേധിച്ചവർ തീർച്ചയായും നഷ്ടത്തിൽ അകപ്പെട്ടിരിക്കുന്നു. അങ്ങനെ പെട്ടെന്ന് അവർക്കാ സമയം വന്നെത്തിയാൽ, അഹോ കഷ്ടം! ഈ സമയത്തിന്റെ കാര്യത്തിൽ ഞങ്ങൾ വീഴ്ച വരുത്തിയല്ലോ! എന്ന് പറഞ്ഞ് അവർ വിലപിക്കും. അവർ തങ്ങളുടെ ഭാരങ്ങൾ സ്വന്തം മുതുകുകളിൽ സ്വയം ഏറ്റുന്നതാണ്. തീർച്ചായും അവർ വഹിക്കുന്നത് ഏറ്റവും ചീത്തയായിട്ടുള്ളതു തന്നെ.

ഐഹികജീവിതം കളിയും വിനോദവുമല്ലാതെ മറ്റൊന്നുമ ല്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് തീർച്ചയായും പാരത്രികഭവന മാണ് ഉത്തമമായിട്ടുള്ളത്. അപ്പോൾ നിങ്ങൾ ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നില്ലേ?

അവരിലേക്ക് ഞാൻ ദൃഷ്ടാന്തങ്ങളും, കല്പനകളുമായി എന്റെ ദൂതന്മാരെ അവർക്കിടയിലേക്കു അയച്ചപ്പോൾ അവർ എന്റെ ദൂതന്മാരെ കളിയാക്കുകയും, ഉപദ്രവിക്കുകയും, എല്ലാ തരത്തിലുള്ള അപമാനപ്പെടുത്തലുകൾക്കും വിധേയരാക്കുകയും ചെയ്തു.

അപ്പോൾ, അല്ലാഹു ആ നിഷേധികളോട് പറയും; നിങ്ങൾ നിഷേധിക്കുനനത് എന്റെ ദൂതന്മാരെയല്ല, മറിച്ച്, (ആ അധർമ്മ കാരികൾ) നിരാകരിക്കുന്നത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ യാണ്

(അവലംബം: ഇബ്റാഹിം 6:30-34)

അപ്പോഴവർ ദുഃഖിതരാവുകയും, ഭൂമി പ്രകമ്പനം കൊള്ളു ന്നത് എന്തുകൊണ്ടാണെന്നും, എന്താണ് തങ്ങൾക്കു ചുറ്റും സംഭ വിക്കുന്നതെന്നും എന്നാലോചിയ്ക്കുകയും ചെയ്യും. ഭൂമിയിൽ ഏതുസ്ഥലത്ത് ഭൂമികുലുക്കം അനുഭവപ്പെട്ടാലും അവിടെയുള്ള വർ ഭയചകിതരാവുകയും, തങ്ങൾക്കൊരുവിധ മുൻകരുതൽ നട പടികളും സ്വീകരിയ്ക്കാനാവില്ല എന്ന് തിരിച്ചറിയുകയും

ചെയ്യുന്നു. ഭയത്തിന്റെയും, സംഭ്രാന്തിയുടേയും ഈ ഒരു നിമിഷത്തിലാണ് അവർ തങ്ങളുടെ ദൈവത്തെ അറിയുന്നത് ആ ഭയാനകദിനം വരികതന്നെ ചെയ്യും. ഇതു സംബന്ധമായി അല്ലാഹു വിശുദ്ധഖുർആനിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

അതിനാൽ അല്ലാഹുവിനെപ്പറ്റി തന്റെ ദൂതന്മാരോട് അവൻ ചെയ്ത വാഗ്ദാനം ലംഘിക്കുന്നവനാണ് എന്ന് നീ ഒരിയ്ക്കലും ധരിച്ചുപോകരുത്. അല്ലാഹു പ്രതാപശാലിയും, ശിക്ഷാനടപടികൾ കൈക്കൊള്ളുന്നവനുമാകുന്നു.

(ഇബ്റാഹീം 14:48)

അന്ന്, ആളുകൾ ഭയചകിതരാവുക മാത്രമല്ല, ചിന്നിച്ചിതറപ്പെടുകയും ചെയ്യും! ഓരോ ആത്മാവും അത് സമ്പാദിച്ചതിനുള്ള പ്രതിഫലം-പാരിതോഷികമോ- ശിക്ഷയോ-നല്കപ്പെടുന്ന ആ ദിനം അവർക്കരികിലേക്ക് അടുക്കുമ്പോൾ ചിലരുടെ അവസ്ഥ ഭൂമിയിൽ പ്രകമ്പനമുണ്ടായ വേളയിൽ അവർ അനുഭവിച്ചതിനും ഏറെ മുകളിലായിരിക്കും. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു.

ഈ ഭൂമി മറ്റൊരു ഭൂമിയായി മാറ്റപ്പെടുന്ന നാളിൽ (അപ്രകാരംതന്നെ) ആകാശങ്ങളും, (മാറ്റപ്പടുന്ന നാളിൽ) (അന്ന്) എല്ലാറ്റിനേയും കീഴടക്കി വെക്കുന്ന ഏകനായ അല്ലാഹുവിന്റെ മുമ്പിലവർ പ്രത്യക്ഷപ്പെട്ടുവരികയും ചെയ്യും

(ഇബ്റാഹീം 14:49)

ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ട വസ്തുത അന്നാളിലെ ഭൂമികുലുക്കം അങ്ങേയറ്റം ഭയാനകം ആയിരിക്കും. അന്ന് മനുഷ്യർക്ക് തങ്ങൾ പ്രവർത്തിച്ചുപോയ പാപങ്ങളെ ഓർത്ത് പശ്ചാത്തപിയ്ക്കുവാനോ അല്ലാഹുവിനോട് രക്ഷയ്ക്കായി പ്രാർത്ഥിയ്ക്കുവാനോ സമയം പോലും കിട്ടില്ല. ഈ ഭൂമികുലുക്കം ഒരാളെയും വെറുതെ വിടില്ല. കാരണം മനുഷ്യരെല്ലാം തന്റെ ദൈവത്തെ വിസ്മരിക്കുകയും, അവന്റെ ദൃഷ്ടാന്തങ്ങളെ തിരസ്ക്കരിക്കുകയും ചെയ്തവരത്രെ. ആ ദിനം അല്ലാഹുവിന്റെ കോപം അതി തീവ്രതയാർജ്ജിച്ചിരിക്കും. ഇതു സംബന്ധമായി അല്ലാഹു (ത) പറയുന്നു

അന്നാളിൽ കുറ്റവാളികളെ ചങ്ങലകളിൽ ബന്ധിക്കപ്പെട്ടവരായി നിനക്കു കാണാം. അവരുടെ കുപ്പായങ്ങൾ താറു കൊണ്ടുള്ളതായിരിക്കും. അഗ്നി അവരുടെ മുഖങ്ങളെ മൂടുകയും ചെയ്യുന്നതാണ്.

(ഇബ്റാഹിം :14:50-51)

നാം വിവരിച്ചുകൊണ്ടിരുന്ന സൂറ:സിൽസാലിൽ 3:4 സൂക്തങ്ങൾ പരിശോധിക്കുമ്പോൾ

ഭൂമി അതിന്റെ ഭാരങ്ങൾ പുറന്തള്ളുകയും, അതിനെന്തു സംഭവിച്ചുവെന്ന് മനുഷ്യൻ ചോദിക്കുകയും ചെയ്യുമ്പോൾ ഭൂമിയിലെ സർവ്വചരാചരങ്ങളുടെയും അതുവരെയുള്ള ഭൂമി പ്രകമ്പനം കൊള്ളുന്ന നിമിഷംവരെയുള്ള-അവസ്ഥകൾ അപ്രത്യക്ഷമാവുകയും, മനുഷ്യൻ പരസ്യമായോ, രഹസ്യമായോ ചെയ്ത പ്രവൃത്തികളെല്ലാം തന്നെ വെളിപ്പെടുകയും, അവന് അനുകൂലമായോ പ്രതികൂലമായോ സാക്ഷിയായി നില്ക്കുകയും ചെയ്യും. ഇതെല്ലാം തന്നെ സംഭവിക്കുക അല്ലാഹുവിന്റെ കല്പനകൾക്കും, നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ്. പട്ടാപ്പകൽ വെളിച്ചത്തിലായിരിക്കും. അത്തരം ഒരു അവസ്ഥാവിശേഷം സൃഷ്ടിക്കാൻ അല്ലാഹുവിനു മാത്രമേ സാധിക്കുകയുള്ളു. ആ നിമിഷത്തിൽ ഭൂമി തന്റെ രഹസ്യങ്ങൾ മുഴുവൻ തുറന്നുകാട്ടും. അറിയാവുന്നതെല്ലാം വിളിച്ചു പറയുകയും ചെയ്യും. അല്ലാഹുവിന്റെ അനുമതിയോടു കൂടിയാണ് ഭൂമി ഇങ്ങനെ ചെയ്യുന്നത്.

തുടർന്നു വരുന്ന സൂക്തങ്ങളിൽ അല്ലാഹു പറയുന്നു. നിന്റെ നാഥൻ അതിനെ സംബന്ധിച്ച് ബോധനം നല്കിയ കാരണത്താൽ,

അന്നാളിൽ ജനങ്ങൾ ചിതറിയ കൂട്ടങ്ങളായി പുറപ്പെട്ടു വരും. തങ്ങളുടെ കർമ്മഫലങ്ങൾ അവർക്ക് കാണിക്കപ്പെടുന്നതിനുവേണ്ടി

അപ്പോൾ, വല്ലവനും ഒരണു നന്മ ചെയ്യുന്നതായാൽ അതവൻ കാണും. വല്ലവനും ഒരണു അളവ് തിന്മ ചെയ്യുന്നതായാൽ അതും അവൻ കാണും

(അൽ-സിൽസാൽ 99:5-8)

ഇഹലോകജീവിതത്തിൽ നന്മയും തിന്മയും ഇഴചേർന്നിരിക്കുന്നു, പക്ഷേ, അന്ത്യനാളിൽ ഇവ പരസ്പരം വേർപിരിയുകയും, അവയുടെ ഗുണമനുസരിച്ച് നന്മയായോ, തിന്മയായോ വേർതിരിക്കപ്പെടുകയും ചെയ്യുന്നു. അതിനുശേഷമാണ് ഓരോ വ്യക്തിയെയും അവന്റെ നാഥന്റെയടുത്തേക്ക് വിധി കേൾക്കുവാനായി അയക്കുന്നത്. ആ നിമിഷത്തിൽ അവർ, പരീക്ഷണങ്ങളുടെ കലവറയായിരുന്ന ഭൂമിയിൽ വച്ച് തങ്ങൾ പറഞ്ഞതിന്റെയും, പ്രവർത്തിച്ചതിന്റെയും ചിന്തിച്ചതിന്റെയും യഥാർത്ഥ ഫലം തിരിച്ചറിയും.

അല്ലാഹു അവർ നിഗൂഢമാക്കി വെച്ചിരുന്ന അവരുടെ എല്ലാ ചിന്തകളെയും, രഹസ്യങ്ങളെയും പരസ്യപ്പെടുത്തും. അങ്ങനെ അവർക്കെല്ലാം കാട്ടിക്കൊടുക്കും, അവർ ചെയ്ത എല്ലാ ഓരോ കാര്യവും അണുകിടവിടാതെ-ഇഴകീറി-പരിഗണിച്ചതിനുശേഷമേ അല്ലാഹു വിധി പ്രസ്താവിക്കുകയുള്ളു. കാരണം അല്ലാഹു-അൽ അദ്ൽ, നീതിമാൻ ആകുന്നു. അല്ലാഹു ഒരിയ്ക്കലും ഒരു വ്യക്തിയെയും അന്യായമായി ശിക്ഷിക്കുകയോ, പ്രീതി തോന്നി പാരിതോഷികം നല്കുകയോ ചെയ്യില്ല. എല്ലാം അവനവൻ അർഹിക്കുന്നുവെങ്കിൽ മാത്രം, ഒരാൾ ചെയ്ത ഒരു നന്മ- അതെത്ര ചെറുതാണെങ്കിൽ പോലും അതിനുള്ള പ്രതിഫലം അവനു നല്കും. അതുപോലെ തന്നെ, അവൻ ചെയ്ത തിന്മ എത്ര ചെറുതാണെങ്കിലും അതിനുതക്ക ശിക്ഷയും അവനും നല്കും. അതാണ് അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞത്.

ഓരോ ആത്മാവിനും അത് സമ്പാദിച്ചതിനുള്ള പ്രതിഫലം അല്ലാഹു നല്കുന്നതിനു വേണ്ടിയാണിത്. തീർച്ചയായും അല്ലാഹു കണക്കെടുപ്പിൽ വേഗതയുള്ളവനത്രെ. (ഇബ്റാഹിം 14:52)

നാം ചെയ്യുന്ന ഒരു പ്രവൃത്തി അത് നല്ലതോ ചീത്തയോ ആയിക്കൊള്ളട്ടേ, അതെത്രതന്നെ ചെറുതായാലും (ആറ്റത്തിനോളം) ശരി അത് അല്ലാഹു കണക്കിലെടുക്കും എന്ന് ഈ സൂക്തം നമ്മെ മനസ്സിലാക്കിത്തരുന്നു. ഒരു വ്യക്തിക്ക് അയാൾ ചെയ്ത തിന്മ പൊറുത്തുകൊടുക്കണമെന്ന് അല്ലാഹു വിചാരിച്ചാൽ അത്

അങ്ങനെ നടക്കും. കാരണം അല്ലാഹു അങ്ങേയറ്റം പൊറുത്തു കൊടുക്കുന്നവനും അതീവ ദയാലുവുമത്രേ. അല്ലാഹു അവൻ ഇച്ഛിക്കുന്നവരെ ശിക്ഷിക്കുകയും, അവൻ ഇച്ഛിക്കുന്നവർക്ക് കൂടുതൽ അനുഗ്രഹങ്ങളും ഔദാര്യവും ചൊരിയുകയും ചെയ്യുന്നു. സർവ്വ അധികാരങ്ങളും അല്ലാഹുവിൽ അധിഷ്ഠിതമാണ് എന്നതിന് യാതൊരുസംശയവും വേണ്ട്. അവന്റെ പ്രവൃത്തികൾ ഓരോവ്യക്തിയ്ക്കും-പുരുഷനോ, സ്ത്രീയോ ആകട്ടെ-തങ്ങളുടെ മുന്നിൽ നടന്നുകാണുമ്പോൾ (സംഭവിക്കുമ്പോൾ) അനുഭവിച്ചറിയുകതന്നെ ചെയ്യും. അവനവന്റെ കർമ്മപുസ്തകങ്ങൾ അന്നാളിൽ അവരുടെ കൈകളിൽ നല്കപ്പെടും. കർമ്മപുസ്തകത്തിൽ നന്മയുടെ മുൻതൂക്കം ഉള്ളവന്/ഉള്ളവൾക്ക് അവന്റെ/അവളുടെ വലതുകയ്യിൽ അത് നല്കപ്പെടുന്നതും, അത് ഏറ്റുവാങ്ങുന്നതിന് അവർക്ക് യാതൊരുവിധഭയവും, അനുഭവപ്പെടാത്തതും ആയിരിക്കും. എന്നാൽ തിന്മയ്ക്ക് മുൻതൂക്കമുള്ള കർമ്മപുസ്തകങ്ങൾ ഇടതുകരങ്ങളിലേക്കാണ് നല്കപ്പെടുക. അതിന്റെ പരിണിതഫലം എന്തായിരിക്കുമെന്ന വ്യക്തമായ ധാരണയുള്ളതിനാൽ അത്തരമാൾക്കാർക്കു അതേറ്റുവാങ്ങുന്നതിന് യാതൊരുവിധ താത്പ്പര്യവും ഉണ്ടായിരിക്കുന്നതല്ല. ഭൂമിലോകത്തുണ്ടായിരുന്ന സർവ്വമാന മനുഷ്യരും കൂടിയിരിക്കുന്ന ആ സദസ്സിൽ താൻ ചൂളിപ്പോവുകയേയുള്ളു എന്നവന്/അവൾക്ക് നന്നായി അറിയാം. അല്ലാഹു വാഗ്ദാനം നിറവേറ്റുന്നവനത്രേ.ഓരോ വ്യക്തിക്കും അവനവന്റെ ബുദ്ധിയുടെ നിലവാരമനുസരിച്ച് അല്ലാഹുവിന്റെ വാഗ്ദാനപൂർത്തീകരണം അനുഭവിച്ചറിയാൻ സാധിക്കുന്നതാണ്. തങ്ങളുടെ പ്രതിഫലം ഒരു അണു അളവ് പോലും നഷ്ടപ്പെടില്ല എന്ന് ഉറച്ചുവിശ്വസിക്കുന്നവർക്ക് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത് വിശുദ്ധഖുർആനിൽ ഇപ്രകാരണമാണ്.

വിശ്വസിക്കുകയും സത്ക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരാരോ, തീർച്ചയായും അങ്ങനെ പ്രവർത്തനം നന്നാക്കിയവരുടെ പ്രതിഫലം നാം പാഴാക്കുകയില്ല.

(അൽകഹ്ഫ്, 18:31)

തുടർന്ന്, അല്ലാഹു വിശ്വാസികളെപ്പറ്റി പറയുന്നു;

"തങ്ങളുടെ നാഥന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് പ്രഭാതത്തിലും, പ്രദോഷത്തിലും അവനോട് പ്രാർത്ഥിക്കുന്നവരോടൊപ്പം നീ നിന്നെ ചേർത്തു നിർത്തുക. ഭൗതീകജീവിതത്തിന്റെ അലങ്കാരം ഉദ്ദേശിച്ചുകൊണ്ട് നിന്റെ കണ്ണുകൾ അവരിൽ നിന്ന് അകന്നു പോവാതിരിക്കട്ടെ. നമ്മുടെ സ്മരണയിൽ നിന്ന് നാം ആരുടെ ഹൃദയത്തെ അശ്രദ്ധമാക്കുകയും തന്റെ ദേഹേച്ഛയെ ആരു പിന്തുടരുകയും ആരുടെ കാര്യം അതിരു കവിയുകയും ചെയ്തിട്ടുണ്ടോ അങ്ങനെയുള്ളവനെ നീ അനുസരിക്കരുത്."

(അൽകഹ്ഫ്, 18:29)

അവിശ്വസിക്കുകയും മോശപ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്നവരിൽ നിന്നും അകന്നു നില്ക്കണമെന്ന് അല്ലാഹു നമ്മെ ഉപദേശിക്കുന്നു.

പറയുക, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ. തീർച്ചയായും നാം അക്രമികൾക്ക് ഒരു തീ ഒരുക്കി വച്ചിട്ടുണ്ട്. അതിന്റെ മേക്കട്ടി അവരെ വലയം ചെയ്തിരിക്കുന്നു. അവർ സഹായം തേടുന്നതായാൽ ഉരുകിയ ലോഹം പോലെയുള്ള ജലം കൊണ്ട് അവർക്ക് സഹായം നല്കപ്പെടും. അത് മുഖത്തെ കരിച്ചുകളയും. അത് എത്രയും ചീത്ത പാനീയം! എത്രയും ചീത്ത വിശ്രമസ്ഥാനവും!

(അൽകഹ്ഫ് 18:30)

അല്ലാഹു നമ്മെ ഓരോരുത്തരെയും ഈ വിഷയം നന്നായി മനസ്സിലാക്കുവാൻ സഹായിക്കുമാറാകട്ടെ. നമ്മുടെ പാപങ്ങളെ പൊറുത്തുതരികയും, നമ്മെ നേർമാർഗ്ഗത്തിൽ നയിക്കുകയും ചെയ്യുമാറാകട്ടെ, ആമീൻ.



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*